DESPATCHED
On..15/06/2020



17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2635*(2)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.18253/*എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ജി.ഹരികുമാർ
ഉണിച്ചിരേത്ത്
കടവൂർ, കരിപ്പുഴ പി.ഒ,മാവേലിക്കര
ആലപ്പുഴ–690 103** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് ദേവസ്വം ബോർഡ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്
അമ്പലപ്പുഴ, ആലപ്പുഴ**

2. **അപ്പീൽ അധികാരി,
അസിസ്റ്റന്റ് ദേവസ്വം ബോർഡ് കമ്മീഷണർ ആഫീസ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്
അമ്പലപ്പുഴ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.04.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.05.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.05.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 08.06.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.11.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09.12.2015, 08.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22.12.2015, 20.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 01.04.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1 ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ പുള്ളുവൻപാട്ട് ലേലത്തിൽ പുള്ളുവൻ സമുദായത്തിൽപെട്ടവർ മാത്രമേ പങ്കു കൊള്ളുവാൻ പാടുള്ളുവെന്ന് ബഹു.ഹൈക്കോടതി ഉത്തരവ് നില വിലുണ്ടോ എന്നും, ഉണ്ടെങ്കിൽ ടി കോടതി ഉത്തരവിന്റെ ഒരു പകർപ്പ് വിവരാവകാശ നിയമപ്രകാരം നൽകണമെന്നും, ഇനം 2 ൽ കേരളത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽ വരുന്ന ഏതെങ്കിലും ക്ഷേത്രങ്ങളിൽ പുള്ളുവൻ പാട്ട് (സർപ്പം പാട്ട്) കുത്തകലേലം വ്യവസ്ഥ അല്ലാതെ അവകാശമായി ദേവസ്വം അംഗീകരിച്ചുകൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ ക്ഷേത്രങ്ങളിലെന്നും ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങളുടെയും രേഖകളുടെയും പകർപ്പ് നൽകണ മെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.05.2015 തീയതി മറുപടി നൽകുകയും, ആയത് തികച്ചും തൃപ്തികരമല്ലെന്ന് കാണിച്ച് 29.05.2015 ന് അപ്പീൽ നൽകുകയും 08.06.2015 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

4. 22.12.2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഇരട്ടക്കുളങ്ങര സബ് ഗ്രൂപ്പിലെ വണ്ടാനം ദേവസ്വത്തിലെ പതിവ് പുസ്തകം പരിശോധിച്ചതിൽ പുള്ളുവൻ പാട്ട് നടത്തുന്നതിന് ഏതെങ്കിലും ഒരു കുടുംബത്തിന് പ്രത്യേക അവകാശമുള്ളതായി രേഖപ്പെടുത്തി കാണുന്നില്ലെന്നും ആകയാൽ പണ്ട് കാലത്ത് പ്രാദേശികമായി ഒരു പുള്ളുവ കുടുംബത്തിലെ അംഗത്തെക്കൊണ്ട് പുള്ളുവൻ പാട്ട് നടത്തുകയും തുടർന്ന് വന്ന കാലങ്ങളിൽ ടി കുടുംബത്തിലെ അംഗത്തെക്കൊണ്ട് പുള്ളുവൻ പാട്ട് നടത്തിവരികയുമാണ് പതിവ്. ആയതു പ്രകാരം ടി ദേവസ്വം സബ് ഗ്രൂപ്പ് ആഫീസർ കഴിഞ്ഞ കാലങ്ങളിൽ പുള്ളു വൻ പാട്ട് നടത്തിയ കുടുംബത്തിന് കത്ത് നൽകി വരികയാണ് പതിവെന്നും, ടി ദേവ

സ്വത്തിലെ കന്നി മാസത്തിലെ പുള്ളുവൻപാട്ട് സംബന്ധിച്ച് പതിവിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ് നൽകുന്നുവെന്നുമാണ്.

5. 20.11.2019 സമർപ്പിച്ച റിപ്പോർട്ടിൽ, അമ്പലപ്പുഴ ഗ്രൂപ്പിൽ ഇരട്ടക്കുളങ്ങര സബ്ഗ്രൂപ്പിൽപ്പെട്ട വണ്ടാനം ദേവസ്വത്തിലെ കന്നി മാസ ആയില്യം സംബന്ധിച്ച് നടത്തി വരാറുള്ള സർപ്പം പാട്ട് അടിയന്തിരത്തിന് പുള്ളുവൻ പാട്ട് നടത്തുന്നതിനുള്ള അവകാശം ഏതു കുടംബത്തിനാണ് എന്നുള്ളത് ലഭ്യമായ റിക്കോർഡുകൾ പരിശോധിച്ചതിൽ കാണപ്പെട്ടിട്ടില്ലാത്തതാകുന്നുവെന്നും ടി അടിയന്തിരം സംബന്ധിച്ച് ഹാജരായി അടിയന്തിരം മംഗളമാക്കുന്നതിന് പുള്ളുവൻ അവകാശി അമ്പലപ്പുഴ വേലായുധൻ കൃഷ്ണൻ മകൻ അമ്പലപ്പുഴ കോമന വടക്കേമറ്റപ്പള്ളിയിൽ ശ്രീ.മണിയപ്പന് 1184 എം.ഇ, 1186 എം.ഇ, 1188 എം.ഇ, 1190 എം.ഇ, 1191 എം.ഇ, 1193 എം.ഇ, 1195 എം.ഇ എന്നീ വർഷങ്ങളിൽ ഇരട്ടക്കുളങ്ങര ദേവസ്വത്തിൽ നിന്നും നൽകിയിട്ടുള്ള അറിയിപ്പിന്റെ പകർപ്പുകളും ടി അടിയന്തിരം സംബന്ധിച്ചുള്ള പതിവിന്റെ പകർപ്പും അയയ്ക്കുന്നുവെന്നാണ്.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് ടി ഓഫീസിൽ ലഭ്യമായ മറുപടി നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res